## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2629** **04-03-2025 - ൽ മറുപടിയ്ക്ക്**

## ആഭ്യന്തര സ്രോതസ്സുകളിലെ വൈദ്യുതി ഉത്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വർദ്ധിച്ച വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് ആഭ്യന്തര സ്രോതസ്സുകളിലെ ഉത്പാദനം പരമാവധി മെച്ചപ്പെടുത്തുന്നതിനായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തിന്റെ വർദ്ധിച്ച വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് ആഭ്യന്തര സ്രോതസ്സുകളിലെ ഉത്പാദനം പരമാവധി മെച്ചപ്പെടുത്തുന്നതിനായി മുടങ്ങിക്കിടന്ന വൈദ്യുത പദ്ധതികളെ കുറിച്ച് വിലയിരുത്തി തുടർപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി ടെക്നിക്കൽ കമ്മറ്റികൾ രൂപീകരിക്കുകയും, വിശദമായ പഠനത്തിനു ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുകയും ദർഘാസുകൾ ക്ഷണിക്കുകയും ചെയ്തു. ദർഘാസുകളുടെ വിശദമായ മൂല്യനിർണ്ണയത്തിനു ശേഷം വർക്ക് അവാർഡ് ചെയ്തു. കുറവുകൾ പരിഹരിച്ച് ദ്രുതഗതിയിൽ ഇവ പുരോഗമിച്ചു വരുന്നു. മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളായ<br><br>(1) **തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW)**യുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വെവ്വേറെ വിഭജിച്ച് പദ്ധതി പൂർത്തീകരിച്ചു. 28.10.2024 ന് പദ്ധതി രാഷ്ട്രത്തിനു സമർപ്പിച്ചു.<br><br>(2) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW) പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 2021 ൽ reverse tender പ്രകാരം M/s.TVPPL-KSK-Fitwell Boom-REHPL Consortium-ന് 31.1.2022 ന് വർക്ക് ഓർഡർ നൽകി പ്രവൃത്തികൾ ആരംഭിച്ചു. പദ്ധതിയുടെ രണ്ട് മെഷീനുകളുടേയും മെക്കാനിക്കൽ സ്പിന്നിംഗ് പൂർത്തിയായി. പദ്ധതിയുടെ ആദ്യത്തെ മെഷീൻ 05.11.2024 നും രണ്ടാമത്തെ മെഷീൻ 26.11.2024 നും ഗ്രിഡുമായി ബന്ധിപ്പിക്കുകയും 72 മണിക്കൂർ വിജയകരമായി പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു.<br><br>(3).ഭൂതത്താൻകെട്ട് (3x8 MW) ജലവൈദ്യുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Sree Saravana Engineering Bhavani Private |

Ltd- M/s.Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18.03.2015 ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിക്കുകയും ചെയ്തു.

ടി പദ്ധതിക്കു വേണ്ടി ചൈനയിൽ നിന്നും മൂന്നു consignment ആയി ഇറക്കുമതി ചെയ്യേണ്ടിയിരുന്ന foreign equipment ഒന്നും രണ്ടും consignment കളുടെ ഇറക്കുമതി 2017-18-ൽ പൂർത്തീകരിക്കുകയും മൂന്നാമത്തെ കൺസൈൻമെന്റ് ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനായി കെഎസ്ഇ ബിഎൽ, M/s.Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022-ൽ ഒപ്പിടുകയും ഉണ്ടായി. 22.06.2023 ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരളയിൽ നിന്ന് 09.07.2024- ന് ലഭ്യമാവുകയും അത് പ്രകാരം പ്രസ്തുത കോൺട്രാക്ടറുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കു മതി ചെയ്യുവാനുള്ള നടപടികൾ സ്വീകരി ക്കുകയും കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ ത്വരിത ഗതിയിൽ നടന്നു വരുന്നതുമാണ്.

**<u>ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)</u>**

ഇടുക്കി ജില്ലയിലെ അടിമാലിക്ക് സമീപം പടിഞ്ഞാറെ കല്ലാർ പുഴയ്ക്ക് കുറുകെ തടയണ ചെങ്കുളം ഡാമിന്റെ റിസർവോയറിൽ എത്തിച്ച് നിലവിലുള്ള ചെങ്കുളം പവർ ഹൗസിൽ നിന്നും 85 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുന്നതിനാണ് ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ നിർമ്മാണ ത്തിനുള്ള കരാർ 15.07.2009-ൽ ഡോ. ശശി ഏലൂർ - യൂണിടെക് ജോയിന്റ് വെഞ്ചറാണ് ഏറ്റെടുത്തിരിക്കുന്നത്. ഭൗമ ശാസ്ത്രപരമായ പ്രശ്നങ്ങളാൽ നിർത്തി വച്ചിരുന്ന തുരങ്ക നിർമ്മാണ പ്രവർത്തനങ്ങൾ, പല തലത്തിലുള്ള ഇടപെടലുകളിലൂടെയും വിവിധ ഏജൻസി കളുടെ പഠനത്തിന്റെ വെളിച്ചത്തിലും, പുതുക്കിയ റൂട്ടിലൂടെ പു:നരാരംഭിക്കാനും 15 മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തന ങ്ങൾ പൂർത്തിയാക്കുവാനും തീരുമാനി ച്ചിട്ടുണ്ട്. അതിനനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | പു:നരാരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി 77.32%.<br><br>**<u>പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW 25.16 Mu)</u>**<br><br>കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂർ പഞ്ചായത്തിൽ പഴശ്ശി ഇറിഗേഷൻ ഡാമിലെ വെള്ളം ഉപയോഗപ്പെടുത്തി വൈദ്യുതോല്പാദനം ലക്ഷ്യമാക്കുന്ന പദ്ധതിയാണ് പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി. 7.5 മെഗാവാട്ട് (3x2.5 മെഗാവാട്ട്) ശേഷിയുള്ള ഈ പദ്ധതിയിൽ നിന്നും 25.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ കരാർ M/s R&S Developers & Constructions India Pvt.Ltd.ന് 46.41 കോടി രൂപയ്ക്ക് നല്കിയിട്ടുണ്ട്.<br><br>സിവിൽ ജോലികൾ 42.67% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 33% പൂർത്തീകരിച്ചു. ആകമാന പുരോഗതി 39.23%. ആവശ്യമായ പുരോഗതി കൈവരിക്കാത്തതിനാൽ സിവിൽ contract terminate ചെയ്തിട്ടുണ്ട്. ഉന്നത തലത്തിലുള്ള നിരന്തരമായ ഇടപെടലു കളിലൂടെ ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കു ന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സൗരോർജ്ജ മേഖലയിലും വിൻഡ് മേഖലയിലും മുടങ്ങി കിടക്കുന്ന പദ്ധതികളൊന്നും തന്നെയില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയ്ക്ക് ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി വി.നമശിവായത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സെക്ഷനുകളിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ